കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത്

# .ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ-എ.എൽ.പി-ബിപി-872/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.09.10.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം.2, 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-ബിപി-872/2019 തീയതി: 09.10.2019

# ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01/04/2018 മുതൽ 22/07/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ബാബു റിയാസുദ്ദീൻ.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും, തസ്തിക വിവരവും |
|---|---|
| 22/07/2019 മുതൽ<br>30/07/2019 വരെ | ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.കെ.ജി. രാജേഷ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. റ്റി.എം. റോയ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. കെ. ബി. സുനിൽ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. മണി പ്രഭാകരൻ | 01.4.2018 മുതൽ 31.3.2019 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീമതി. പി.ജി.പ്രസന്നകുമാരി | 01.04.2018 മുതൽ 13.07.18 FN വരെ |
| ശ്രീ.എസ്. മധുസൂദനൻ | 13.07.2018 AN മുതൽ 02.08.2018 വരെ |

| | |
|---|---|
| ശ്രീ. ടി. അലക്സാണ്ടർ | 03.08.2018 മുതൽ 29.10.2018 വരെ |
| ശ്രീ.എസ്. മധുസൂദനൻ | 30.10.2018 മുതൽ 13.02.2019 വരെ |
| ശ്രീമതി. എസ്. സലീല | 14.02.2019 മുതൽ 31.03.2019 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി. ഹേമ ദാമോദരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ശ്രീജ. ഏ.റ്റി. | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.അജിത്കുമാർ.പി.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ധനകാര്യം | ശ്രീ. സി.റ്റി. വിനോദ് | 01.04.2017 മുതൽ 31.03.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | ശ്രീമതി.ചിത്ര.റ്റി. | 01.04.2018 മുതൽ 31.03.2019 വരെ |
| എസ്.സി.ഡി.ഓ. | ശ്രീമതി. ആർ.ജയശ്രീ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഇറവൂർ | ഡോ. ആർ. റൂബി | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. എൽ. സുസ്മിത | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ. ആർ.സുന്ദർലാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. പ്രീതമ്മ ഫിലിപ്പ് | 01.04.2018 മുതൽ 16.06.2018 FN വരെ |
| | ശ്രീമതി.അഞ്ജുജോർജ്ജ് | 16.06.2018 AN മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി. ടി.വി. പ്രേമലത | 01.04.2018 മുതൽ 16.10.2018 വരെ |
| | ശ്രീമതി. ശാന്തി.ആർ.പൈ | 17.10.2018 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഓ | ശ്രീമതി.പിപി. .ജയശ്രീ (ഇൻചാർജ്ജ്) | 01.04.2018 മുതൽ 15.05.2018 വരെ |
| | ഡോ.ശിൽപ്പ | 16.05.2018 മുതൽ 23.09.2018 വരെ |
| | ശ്രീമതി.പി.പി. ജയശ്രീ (ഇൻചാർജ്ജ്) | 24.09.2018 മുതൽ 20.10.2018 വരെ |
| | ഡോ.ശിൽപ്പ | 21.10.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം.1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം(എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 8 | 1-8 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-9 | വാർഷിക കണക്കിലെ അപാകതകൾ |
| ഭാഗം.2 | | |
| 10 | 2-1 | വരവ് രജിസ്റ്ററിന്റെ പരിപാലനം കാര്യക്ഷമമല്ല |
| 11 | 2-2 | വാടകയിനത്തിന്മേലുള്ള വരുമാനം സംബന്ധിച്ച് |

| | | |
|---|---|---|
| 12 | 2-3 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ബ്ലോക്ക്പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല |
| ഭാഗം.3 | | |
| 13 | 3-1 | ചെലവഴിക്കാത്ത ഗ്രാന്റ്- 59ലക്ഷം രൂപ നഷ്ടം |
| 14 | 3-2 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച |
| 15 | 3-3 | കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ നിന്ന് ഫൈൻ ഈടാക്കിയില്ല |
| 16 | 3-4 | വിവിധ പ്രോജക്ടുകൾക്കായി മരുന്ന് വാങ്ങൽ |
| 17 | 3-5 | മഴമറ – ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പടാത്തവർക്ക് ആനുകൂല്യം നൽകി |
| 18 | 3-6 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി – ചെലവഴിക്കാത്ത പദ്ധതിപ്പണം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു |
| 19 | 3-7 | സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രോജക്ടുകൾ ഏറ്റെടുത്തു |
| 20 | 3-8 | പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു - വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല |
| 21 | 3-9 | സി,ഡി.പി.ഓ.യുടെ പ്രോജക്ടിലെ അപാകതകൾ |
| 22 | 3-10 | വിതരണം ചെയ്യാത്ത തുക തിരിച്ചടക്കുന്നത് |
| 23 | 3-11 | മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ -ടെണ്ടർ നിരസിച്ചതിന് കാരണം വ്യക്തമാക്കിയില്ല |
| 24 | 3-12 | സെക്രട്ടറി നടപ്പാക്കിയ വിഹിതം നൽകൽ പ്രോജക്ടുകൾ- വിനിയോഗ വിവരം ലഭ്യമല്ല |
| 25 | 3-13 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- - അപാകതകൾ |
| 26 | 3-14 | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 27 | 3-15 | ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് -അധിക പലിശ ബാധ്യത |
| 28 | 3-16 | തുല്യതാ പരീക്ഷ- പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ |
| 29 | 3-17 | ഭവന നിർമ്മാണ പദ്ധതികൾ- വിശദാംശങ്ങൾ ലഭ്യമല്ല- രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| ഭാഗം.4 | | |
| 30 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 31 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 32 | അനുബന്ധം.2 | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 25.02.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 99,62,54,000 | 94,64,41,000 |
| വാർഷിക കണക്ക് പ്രകാരം | 8,07,80,149 | 11,15,71,635 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 10.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റിന്റെ വിവരം ഖണ്ഡിക 1-9 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7,06,78,320 |
| വരവ് | 8,07,80,149 |
| ആകെ | 15,14,58,469 |
| ചെലവ് | 11,15,71,635 |
| നീക്കിയിരിപ്പ് | 3,98,86,834 |

## 1-5 ഫണ്ട് വിനിയോഗം(എസിആർ പ്രകാരം)

| ഫണ്ടിനം. | മുന്നിരുപ്പ് | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | | 48683000 | 48683000 | 44913266 | 3769734 |
| എസ്.സി. പി | | 19857000 | 19857000 | 17708212 | 2148788 |
| ടി.എസ്.പി | | 612000 | 612000 | 612000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | | 5770000 | 5770000 | 5652638 | 117362 |
| ജി.ഓ പ്രോജക്റ്റ് ബാങ്ക് ഓഫ് ഇന്ത്യ | 8945368 | 363482 | 9308850 | 0 | 9308850 |
| എസ്.ബി.ഐ, പട്ടണക്കാട് | 71348 | 6962 | 78310 | 0 | 78310 |
| എസ്.ബി.ഐ, ഐഎവൈ അഡ്മിൻ | 15998 | 410 | 16408 | 12434 | 3947 |
| ബാങ്ക് ഓഫ് ഇന്ത്യ WDF | 688143 | 24404 | 712545 | 0 | 712545 |
| ട്രഷറി-റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 251312 | 6537850 | 6789162 | 6161584 | 627578 |
| ട്രഷറി-റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 16174326 | 1568482 | 17742808 | 16970534 | 772274 |

| | | | | | |
|---|---|---|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക് TSC | 418115 | 14826 | 432941 | 0 | 432941 |
| കാനറാ ബാങ്ക് ഉറവൂർ | 5936 | 5084 | 11020 | 0 | 11020 |
| പഞ്ചാബ് നാഷണൽ ബാങ്ക് അരൂർ | 41797944 | 1595151 | 43393095 | 17009901 | 26383194 |
| തനത് ഫണ്ട് | 1315909 | 1710616 | 3026525 | 2180471 | 846054 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 678241 | 24051 | 702292 | 0 | 702292 |
| SBT SIGN SHG | 7535 | 267 | 7802 | 0 | 7802 |
| PNB IAY | 308145 | 42450 | 350595 | 350595 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 84 | 74922000 | 61 | 68886116 | 6 | 23 | 72.62 |

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/2018 | 2017-18 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.11.2014 | 2010-2014 | 18.12.2014 |

## 1-8 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് വൗച്ചറുകൾ കൃത്യമായി നമ്പരിട്ടു സൂക്ഷിക്കുന്നില്ല. പല വൗച്ചറുകളും പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നില്ല.
2. ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നത് നിയമാനുസൃത നടപടിയിലൂടെയല്ല.
3. ക്യാഷ് കൈകാര്യം ചെയ്യുന്ന വിഭാഗത്തിലേക്ക് മറ്റുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനമില്ല.
4. ബ്ലോക്ക് പഞ്ചായത്തിൽ പണം സൂക്ഷിപ്പിക്കുന്നതിന് ഇൻഷ്വറൻസ് കവറേജില്ല.
5. ബ്ലോക്ക് പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളായ ബിൽ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ഇനം തിരിച്ചുള്ള വിവരം ചേർത്തിട്ടില്ല.
6. വരവിനങ്ങളുടെ വാർഷിക ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
7. വാടകയിനത്തിൽ തുക ലഭിക്കുന്നുണ്ടെങ്കിലും അത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്രസോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/ ത.സ്വ.ഭ.വ തീയതി:26.07.2011) നടപ്പാക്കിയിട്ടില്ല. 2018-19-ലെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കിൽ കെട്ടിടങ്ങളുടെ ഡിപ്രീസിയേഷൻ മാത്രമാണ് തൻവർഷം കണക്കാക്കിയിട്ടുള്ളത്. (ഇൻകം & എക്സ്പെന്റിച്ചർ പത്രിക I-17(a)- Depreciation Buildings- 10,92,589/-). എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം ഡിപ്രീസിയേഷൻ കണക്കാക്കേണ്ട ആസ്തികൾ ധാരാളം ഉള്ളതായും കാണുന്നു (Plant,machinery&tools, Vehicles,etc.). ആസ്തികളുടെ മൂല്യം,ആർജ്ജിച്ച കാലയളവ് എന്നിവ കൃത്യമല്ലാത്തതിനാൽ ഡിപ്രീസിയേഷൻ തുകയുടെ കൃത്യതയും നിർണ്ണയിക്കാൻ സാധിച്ചില്ല.
3. ബ്ലോക്ക് പഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, ദിവസവേതന ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്കുള്ള ഇതര അലവൻസുകളിലെ കുടിശ്ശിക ബാധ്യത (റ്റി.എ,സിറ്റിംഗ് ഫീ etc) ഉൾപ്പടെയുള്ള എല്ലാ വർഷാന്ത്യ ബാധ്യതകളും (Outstanding liabilities) വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. തൻവർഷത്തെ എല്ലാ ഭരണച്ചെലവുകൾക്കുമുള്ള പ്രൊവിഷൻ (ടെലഫോൺ, കറന്റ് ചാർജ്ജ്) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വരുന്നില്ല.
4. റസീപ്റ്റ് & പെയ്മെന്റിലെ RP-43 ഷെഡ്യൂളിൽ വരവ് വെയ്ക്കേണ്ടിയിരുന്ന Rent from Buildings എന്ന ഡിമാന്റ് ഇനത്തിലെ 2000/- രൂപ തെറ്റായി RP-3-ൽ ആണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
5. ബ്ലോക്ക് പഞ്ചായത്തിന് കുടുംബശ്രീ കാന്റീൻ കെട്ടിടത്തിലെ പ്രതിമാസ വാടക 200/- രൂപ നിരക്കിൽ ആകെ 2400/- രൂപ മാത്രമാണ് Rent from Buildings ഇനത്തിൽ തൻവർഷം ഡിമാന്റ് ചെയ്യേണ്ടിയിരുന്ന തുക. എന്നാൽ ഇതിന് പകരം ഇൻകം &എക്സ്പെൻഡിച്ചർ പത്രികയിലെ ഷെഡ്യൂൾ I-3-ൽ Rent from Buildings എന്ന ഹെഡിൽ 103376/- രൂപ ഡിമാന്റ് ചെയ്തതായി കാണുന്നു. ഇത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
6. RP-43 ഷെഡ്യൂളിലെ Receivables from Government (redemption amount) എന്ന ഹെഡിലെ ലെഡ്ജർ പരിശോധിച്ചതിൽ 02.08.2018-ൽ Refund of Electricity Charge എന്ന ഇനത്തിലെ 2576/- രൂപ Receivables from Government (redemption amount) എന്ന ഹെഡിൽ തെറ്റായി പോസ്റ്റ് ചെയ്യുകയും ടി ഇനം 31.03.2019-ൽ Rent from buildings എന്ന ഇനത്തിലേയ്ക്ക് വീണ്ടും തെറ്റായി ജേണൽ എൻട്രി ചെയ്തിട്ടുണ്ട്.
7. 2017-18-ലെ ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 431600199 എന്ന ഹെഡിൽ Receivables from Government (redemption amount) എന്ന ഇനത്തിൽ കിട്ടാനുള്ള തുക 24,01,232/- രൂപയാണ്. പ്രസ്തുത തുക ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ (പേജ് നം. 170) 26.04.2018-ൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ RP-43 ഷെഡ്യൂളിലെ Receivables from Government (redemption amount) എന്ന ഹെഡിൽ ബുക്ക് ചെയ്ത തുക 24,03,808/- രൂപയാണ്. വ്യത്യാസം 2576/- രൂപ.
8. 2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂളിലെ B-15 -ൽ Rent Receivables from Buildings (current) ഇനത്തിൽ 1200/- രൂപ കുടിശ്ശിക ഉള്ളതായി കാണിച്ചിട്ടുണ്ട്. 2018-19 -ലെ RP-43 ഷെഡ്യൂളിലെ Rent Receivables from Buildings (Arrears) പ്രകാരം 1000/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ തൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂളിലെ B-15 -ൽ കുടിശ്ശികയൊന്നും ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

9. RP-43 ഷെഡ്യൂൾ പ്രകാരം Rent receivables from Lease of Land (current) എന്ന ഇനത്തിൽ 1000/- രൂപ വരവുണ്ട്. എന്നാൽ ടി ഇനം ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ (I-3) ഉൾപ്പെടുത്തി ഡിമാന്റ് ചെയ്തതായി കാണുന്നില്ല.
10. Sale of empties and waste materials ഇനത്തിൽ 51732/- രൂപ RP-5 ഷെഡ്യൂളിൽ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ 2018-19-ലെ രജിസ്റ്റർ പ്രകാരം 9735/- രൂപ മാത്രമാണ് ഈ ഇനത്തിൽ വരവുള്ളത്.
11. Sale of Scrap ഇനത്തിൽ വരവ് തുക 50,000/- രൂപയും ജി.എസ്.റ്റി. ഇനത്തിൽ 9000/- രൂപയും വരവുണ്ട്. എന്നാൽ RP-5 ലെ Sale of Scrap എന്ന ഹെഡിൽ 42,000/- രൂപ മാത്രമാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. കൂടാതെ RP-36 ലെ Govt. and other Dues payable എന്ന ഹെഡിൽ 2040/- രൂപ മാത്രമാണ് ബുക്ക് ചെയ്തിട്ടുള്ളത്.
12. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. തൻവർഷം ആസ്തിയാർജ്ജിച്ച സ്റ്റോക്കുകളുടെ മൂല്യ നിർണ്ണയ തുക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൻവർഷം ആർജ്ജിച്ച Movable Assets- Office Equipments & Other Equipments (410710103), Movable Assets- Furniture, Fixtures, Fittings & Electrical Appliances (410710104) എന്നിവയുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.
13. ട്രഷറി TSB അക്കൗണ്ടിന്റെ (A/c No.11) റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ 331355/- രൂപ Cheque issued but not presented (Uncashed cheques) എന്നു കാണിച്ചിട്ടുണ്ട്. ചെക്ക് നം. 2434133 പ്രകാരം 11568/-രൂപ 30.11.2018 -ൽ നൽകിയെങ്കിലും ടി ചെക്ക് കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല (B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല).
14. ഇ.എം.എസ്. ഭവന വായ്പയിനത്തിൽ 15,35,104/- രൂപ ലോണിനത്തിൽ മുതലിൽ അടവാക്കാൻ അവശേഷിക്കുന്നതായി പാസ്ബുക്ക്, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നു വ്യക്തമാകുന്നു. എന്നാൽ ബാലൻസ് ഷീറ്റിലെ B-5 ഷെഡ്യൂളിൽ ടി ഇനത്തിൽ തുകയുടെ വിവരം അക്കൗണ്ട് ചെയ്തിട്ടില്ല.
15. എസ്.ബി.ഐ. തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് 5 ലക്ഷം രൂപയും (ഡി.ഡി. നം. 318058/18.09.2018) തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ നിന്ന് 9 ലക്ഷം രൂപയും (ചെക്ക് നം. 2471886/17.09.2018) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുണ്ട്. ടി തുകകൾ " Donation to Flood" എന്ന RP-31 -ലെ ചെലവ് ഹെഡിൽ ബുക്ക് ചെയ്യുന്നതിന് പകരം RP-14 -ലെ 240800101 എന്ന Other finance expenses എന്ന ഹെഡിൽ 5 ലക്ഷം രൂപയും RP-21-ലെ 256100104 എന്ന ഹെഡിലുമാണ് ബുക്ക് ചെയ്തിട്ടുള്ളത്.
16. 2017-18 ലെ ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിൽ Rent Deposit ഇനത്തിൽ തിരികെ കൊടുക്കാനായി കുടിശ്ശികയൊന്നും അവശേഷിക്കുന്നില്ല. 2018-19- ലെ RP-34 -ലെ വരവ് ഭാഗത്ത് Rent Deposit ഇനത്തിൽ വരവും ഇല്ല. എന്നാൽ RP-34 -ലെ ചെലവ് ഭാഗത്ത് Rent Deposit ഇനത്തിൽ 4000/- രൂപ ചെലവഴിച്ചതായി അക്കൗണ്ട് ചെയ്തിരിക്കുന്നു. കൂടാതെ തൻവർഷ ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂളിൽ 4000/- രൂപ കുടിശ്ശികയും കാണിച്ചിരിക്കുന്നു.
17. തൻവർഷം Resource Recovery Facility Centre സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് വികസനഫണ്ടിൽ നിന്ന് 48,43,104/- രൂപയും സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട് സ്ഥലത്തിന്റെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തു കൂലി എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്ന് 4,84,380/- രൂപയും ഉൾപ്പെടെ ആകെ 53,27,484 /- രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് വസ്തു ആർജ്ജിച്ചിട്ടുണ്ട്. എന്നാൽ RP-38 ഷെഡ്യൂളിൽ Land-others എന്ന ഹെഡിൽ 48,43,104/- രൂപ മാത്രമാണ് ബുക്ക് ചെയ്തിരിക്കുന്നത്.
18. തൻ വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളുടെ നീക്കിയിരുപ്പ് ആയി ചേർത്തിരിക്കുന്ന മിക്ക തുകകളുടെ വിശദവിവരങ്ങളും ഇവ ഏതെല്ലാം ബാങ്ക് അക്കൗണ്ടുകളിലായാണ് സൂക്ഷിച്ചിരിക്കുന്നത് എന്നത് വ്യക്തമാകുന്നില്ല.
19. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമാക്കി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം ഓരോ ഹെഡിലുമുള്ള തുകകളുടെ മുന്നിരുപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ നിർവ്വാഹമില്ല.
20. 2017-18 ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B3-ൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 1,18,52,752/- രൂപ ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക തന്നെയാണ് 2018-19 ലെ

B-3 ഷെഡ്യൂളിലും രേഖപ്പെടുത്തി കാണുന്നത്. വിവിധ ഗ്രാന്റിനങ്ങളിലായി ചെലവഴിച്ച തുക (RP7) തന്നെയാണ് ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ I-6 ഷെഡ്യൂളിലും രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് അക്കൗണ്ട്സ് പ്രകാരം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ചെലവുകൾ ഇല്ല. എന്നാൽ റസീപ്റ്റ് & പെയ്മെന്റ് പത്രിക RP-38 പ്രകാരം തൻവർഷം മൂലധനം ആർജ്ജിക്കലിനായി 78,61,916/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ Capital Work in Progress (RP-40) എന്ന ശീർഷകത്തിലെ 68,53,481/- രൂപയിൽ ആസ്തി ആർജ്ജിക്കുന്നതിനുള്ള പാർട്ട് ബില്ലുകളുടെ തുകയും Capital Contribution ഹെഡിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ അക്കൗണ്ട്സിൽ ഇപ്രകാരം Capital Contribution ഇനത്തിൽ തുകകൾ ബുക്ക് ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവ് രജിസ്റ്ററിന്റെ പരിപാലനം കാര്യക്ഷമമല്ല

വരവിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ടി രജിസ്റ്റർ പരിശോധിച്ചതിൽ ഇത് കാര്യക്ഷമമായി പരിപാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു. നാമമാത്രമായ വരവിനങ്ങൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിനുള്ളത്. ആയതിൽ പലതിന്റേയും വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്നും കണ്ടെത്തുവാനാകുന്നില്ല. വരവ് രജിസ്റ്ററിൽ ഉൾപ്പെട്ട പല തുകകളും വാർഷിക റിപ്പോർട്ടിൽ വ്യത്യാസപ്പെട്ട കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) Sale of empties and waste materials എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി 51732/- രൂപയുടെ വരവ് വാർഷിക കണക്കിൽ കാണിച്ചിട്ടുണ്ട്. എന്നാൽ വരവ് രജിസ്റ്ററിൽ ഈ തുക കാണിച്ചിട്ടില്ല. വരവ് രജിസ്റ്ററിൽ ടിയിനത്തിൽ വരവായി ആകെ കാണിച്ചിരിക്കുന്നത് 9735/- രൂപ മാത്രമാണ്.

2) വരവ് രജിസ്റ്റർ പ്രകാരം, സ്ക്രാപ്പുകൾ വിറ്റഴിച്ച വകയിൽ ജി.എസ്.ടി അടക്കം പഞ്ചായത്തിന് ലഭിച്ച തുക 59000/- രൂപ. വാർഷിക റിപ്പോർട്ടിൽ ഈയിനത്തിൽ ലഭിച്ചതായി കാണിച്ചിട്ടുള്ള തുക 42000/- രൂപ മാത്രമാണ്.

അതുപോലെ വാടകയിനത്തിൽ വരവായി ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങളും, കൃത്യതയും ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തുവാനും കഴിഞ്ഞിട്ടില്ല.

വിശദീകരണത്തിനായി ഓഡിറ്റ് അന്വേഷണം-4 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 വാടകയിനത്തിന്മേലുള്ള വരുമാനം സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭ്യമാകുന്നുവെന്ന് വരവ് രജിസ്റ്ററിലും, വാർഷിക കണക്കിലും രേഖപ്പെടുത്തലുകളുണ്ട്. എന്നാൽ എത്ര കെട്ടിടങ്ങൾ, എവിടെയൊക്കെ, എത്ര രൂപയ്ക്ക് വാടകയ്ക്ക് നൽകിയിരിക്കുന്നു എന്ന വിവരങ്ങളൊന്നും തന്നെ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച വാടക കരാറോ മറ്റ് രേഖകളോ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇക്കാര്യങ്ങളൊക്കെ രേഖപ്പെടുത്തി സൂക്ഷിക്കേണ്ട വാടക രജിസ്റ്റർ തന്നെ പഞ്ചായത്തിലില്ല. വരവ് രജിസ്റ്ററിൽ ഏതാനും തുകകളുടെ നേർക്ക് വാടകയിനത്തിൽ ലഭ്യമായത് എന്ന് ചേർത്തിട്ടുണ്ട്. ഇത് മാത്രമാണ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി എന്നതിനുള്ള ഏകതെളിവ്. വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ നിലവിലെ വാടക എത്ര രൂപയാണെന്നോ, വാടകയിൽ വർഷം തോറും നിശ്ചിത നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന വിശദാംശങ്ങളൊന്നും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

അതു പോലെ പഞ്ചായത്തിന് സ്വന്തമായി ഒരു ഓഡിറ്റോറിയമുണ്ട്. അതു വാടകയ്ക്ക് നൽകി വരുന്നു. ഒരു ദിവസത്തെ വാടകയായി നിശ്ചയിച്ചിട്ടുള്ളത് 9000/- രൂപയാണ്. എന്നാൽ നിശ്ചയിച്ച ടി തുകയിലും കുറഞ്ഞ തുകകൾക്കും ഓഡിറ്റോറിയം വാടകയ്ക്ക് നൽകി വരുന്നതായി വരവ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. ഇതിനായി ഒരു ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (3) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. ഒരു വാടക രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും, വാടക സംബന്ധമായ എല്ലാ വിശദാംശങ്ങളും അതിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വാടക സംബന്ധിച്ച എല്ലാ അപാകതകളും പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ബ്ലോക്ക്പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് നടപടികൾ വഴി 2018-19 സാമ്പത്തിക വർഷം 18 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ ഫീസിനത്തിലെ തുകയായ 22470/--രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കാത്തതു മൂലം പലിശയിനത്തിലും വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. നിലവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ചെലവഴിക്കാത്ത ഗ്രാന്റ്- 59ലക്ഷം രൂപ നഷ്ടം

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 59 ലക്ഷം പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 3769734 |
| വികസന ഫണ്ട് എസ്.സി.പി. | 2148788 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 117362 |
| ആകെ | 6035884 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച

ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് വർഷം 36 മരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും ആകെ 18 പ്രവർത്തികൾ മാത്രമേ നടപ്പാക്കിയുള്ളൂ. നടപ്പാക്കാതിരുന്ന 18 പ്രവർത്തികളിൽ 12 എണ്ണം പുതിയ പ്രോജക്ടുകളും 6 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. ലഭ്യമായ ഫണ്ടിൽ 36% മാത്രമാണ് തൻവർഷം പശ്ചാത്തല മേഖലയിൽ ചെലവഴിച്ചിട്ടുള്ളത്.

<u>സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല.</u>

അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 9 സ്പിൽ ഓവർ പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ആയതിൽ 6 പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല. ജി.ഒ.(എം.എസ്) നം./72/17/ത.സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ടാണ് പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ സാധിക്കാതിരുന്നത്. മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടില്ല. പദ്ധതികളെല്ലാം തന്നെ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, വികസന സെമിനാർ എന്നീ ഘട്ടങ്ങളിലൂടെ കടന്നുവരുന്നുവെന്നും അംഗീകാരം കിട്ടിയ പ്രോജക്ടുകൾ എല്ലാം നടപ്പാക്കുന്നു എന്നും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതാണ്.

ഏറ്റെടുക്കുന്ന പ്രവൃത്തികൾ പരമാവധി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ നിന്ന് ഫൈൻ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 1,00,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവർത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1% നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരനിൽനിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ തുക നൽകിയതുവഴി കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവർത്തിയുടെ പേര്, പ്രോജക്ട് നം, എഗ്രീഡ് പി എ സി, സൈറ്റ് കൈമാറിയ | ബിൽ നം. / തീയതി | കരാർ കാലാവധി, പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി, പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ, | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | തീയതി | | | | | |
| 1 | മഞ്ചാടിത്തറ കായൽതീരം റോഡ് നിർമ്മാണം (നം 92/2019) 499457/- 7.7.2018 | 5/2018-19/ 31.12.18 | 120 ദിവസം 3.11.2018 21.12.18 | 499457x3% -- 14984/- | 4995/- | 9989 |
| 2 | ഇളയപാടം പുതുവൽ നികർത്ത് റോഡ് മെറ്റലിംഗ് & ടാറിംഗ് (പ്രോജക്റ്റ് നം 86/2019) 487497/- 22.9.2017 | 1/2018-19/ 25.10.18 | 90 ദിവസം 19.12.17 28.4.18 | 487497 x 3% – 14625/- 487497 x 1.5% – 7312/- ആകെ 21937/- | – | 21937 |
| | ആകെ | | | | | 31926 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയില്ല. ഈടാക്കിയതിൽ കുറവ് വന്ന ഫൈൻ തുകയായ 31926/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 വിവിധ പ്രോജക്റ്റുകൾക്കായി മരുന്ന് വാങ്ങൽ

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, തുറവൂർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകൾക്കായി താഴെപ്പറയും പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 26,63,130/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 8,80,236/- രൂപയുള്ള മരുന്നുകൾ മാത്രമാണ് ഓഡിറ്റ് കാലയളവ് വരെ ലഭ്യമായിട്ടുള്ളതെന്ന കാണുന്നു. 17,82,894/- രൂപയുള്ള മരുന്നുകൾ ഇനിയും ലഭ്യമാകുവാനുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5) നൽകിയ മറുപടിയിൽ, എത്രയും വേഗം മരുന്ന് ലഭ്യമാകുവാൻ ആവശ്യമായ നടപടികളെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക 17,82,894/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | തുക/ബിൽ നം. | മരുന്നുകൾ ലഭ്യമായത് | ലഭ്യമാകുവാൻ ബാക്കി |
|---|---|---|---|---|---|---|
| 1. | എസ്0023/19 ഡയാലിസിസ് യൂണിറ്റിന് മരുന്ന് | 10,00,000 | 10,00,000 | 1/18-19/ 22-6-18 8,34,516/- 3/18-19/ 28-6-18 1,65,484 | 483431/- | 516569/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 2. | എസ്0022/19<br>തുറവൂർ സി.എച്ച്.സിയ്ക്കും, വെട്ടയ്ക്കൽ പി.എച്ച്.സിയ്ക്കും മരുന്ന് വാങ്ങൽ | 10,00,000 | 10,00,000 | 8/18-19/<br>30-8-18<br>10,00,000 | 44806 | 955194 |
| 3. | എസ്0018/19<br>ജീവിതശൈലി രോഗനിയന്ത്രണം | 5,00,000 | 5,00,000<br>(മരുന്നിനായി ചെലവിട്ടത്475000) | 7/18-19/<br>30-8-18<br>475000 | 288068 | 186932/- |
| 4. | എസ്0025/19<br>പാലിയേറ്റീവ് കെയർ | 982000/-<br>(മരുന്നിനായി ചെലവിട്ടത്<br>188130) | 981999 | 9/18-19<br>30-8-18<br>73657<br>17/18-19<br>15-12-18<br>114473 | 63931/- | 124199 |
| | | | | ആകെ | 880236 | 1782894 |

**3-5** **മഴമറ – ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി**

പ്രോജക്റ്റ് നം. -- 01/2019

ചെലവ് വിവരം

ബിൽ നം 02/2018-19/ 28.11.2018 --50,000 രൂപ.

ബിൽ നം 03/2018-19/ 27.12.2018 --1,50,000 രൂപ.

ബിൽ നം 04/2018-19/ 14.02.2019 --1,75,000 രൂപ.

ആകെ ചെലവ് തുക – 3,75,000 രൂപ.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആറ് ഗ്രാമപഞ്ചായത്തുകളിലെ 15 ഗുണഭോക്താക്കൾക്ക് മഴമറ നിർമ്മിക്കുന്നതിനായി 25000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. അതാത് പഞ്ചായത്തുകളിലെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളെയാണ് ആനുകൂല്യത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 11.1.2019ലെ III(2) നമ്പർ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, എഴുപുന്ന, പട്ടണക്കാട്, വയലാർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ അഞ്ച് ഗുണഭോക്താക്കളെ മാത്രമാണ് ഗ്രാമസഭകൾ മുഖേന തെരഞ്ഞെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 10 പേർ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പടാത്തവരാണ്. വിവിധ ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമസഭകൾ അംഗീകരിച്ച ഗുണഭോക്താക്കൾ ടി പദ്ധതിയ്ക്കായി മുതൽ മുടക്കാൻ തയ്യാറാകാതിരുന്നതു കൊണ്ടും അനുവദിച്ച ഫണ്ട് പാഴായി പോകുന്നത് ഒഴിവാക്കാനുമാണ് പുറത്തു നിന്നുള്ളവരെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കിയതെന്നാണ് എ.ഡി.എ മറുപടി നൽകിയത്.

ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ഗുണഭോക്തൃ ലിസ്റ്റുകളെല്ലാം പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാലും തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നതിനാലും മേൽ മറുപടി അംഗീകരിക്കുന്നില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന 10 പേർക്ക് നൽകിയ സബ്സിഡി തുകയായ 2,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി – ചെലവഴിക്കാത്ത പദ്ധതിപ്പണം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി (പ്രോജക്ട് നം – 03/2019) പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ 01/2018-19/ 16.10.2018 പ്രകാരം 4,68,350 രൂപ പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആറ് ഗ്രാമപഞ്ചായത്തുകൾക്കായി താഴെപറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഗ്രാമ പഞ്ചായത്തിന്റെ പേര് | തുക |
|---|---|---|
| 1 | തുറവൂർ | 10200 |
| 2 | പട്ടണക്കാട് | 51000 |
| 3 | അരൂർ | 34000 |
| 4 | കുത്തിയതോട് | 348500 |
| 5 | എഴുപുന്ന | 11900 |
| 6 | വയലാർ | 12750 |

| | | |
|---|---|---|
| | | |
| | ആകെ | 468350 |

ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ധന വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ, കുത്തിയതോട് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയ 3,48,500/- രൂപയിൽ 1,74,250/- രൂപ മാത്രമാണ് കൂലിച്ചെലവ് സബ്സിഡിയ്ക്കായി വിനിയോഗിച്ചിട്ടുള്ളത്. ശേഷിക്കുന്ന 1,74,250/- രൂപ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഒരു സാമ്പത്തിക വർഷം ട്രഷറിയിൽ നിന്നും ബിൽ പ്രകാരം പിൻവലിക്കുന്ന പ്ലാൻ ഫണ്ട് അതേ വർഷം തന്നെ പൂർണ്ണമായി വിനിയോഗിക്കേണ്ടതും ചെലവഴിക്കാത്ത തുക സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് ട്രഷറിയിൽ തിരിച്ചടക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥനായ എ.ഡി.എ-യുടെ ഉത്തരവാദിത്വമാണ്. കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പദ്ധതിപ്പണം എത്രയുംവേഗം തിരിച്ചടക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമുള്ള ഫണ്ട് മാത്രമാണ് ഓരോ ഗ്രാമപഞ്ചായത്തും ആവശ്യപ്പെടുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-7 സർക്കാർ ഉത്തരവിനു വിരുദ്ധമായി പ്രോജക്ടുകൾ ഏറ്റെടുത്തു

സർക്കാർ ഉത്തരവ് (എം.എസ്) നം.362/2013/ത.സ്വ.ഭ.വ തീ.16.11.2013 ഖണ്ഡിക 11.13.XV.(ബി) പ്രകാരം 5 ലക്ഷം രൂപയെങ്കിലും അടങ്കൽ തുകയുള്ള പ്രോജക്ടുകളാണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്.

എന്നാൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2018-2019 സാമ്പത്തിക വർഷം നടപ്പാക്കിയ 18 പദ്ധതികളിൽ 3 പദ്ധതികൾ 5 ലക്ഷം രൂപയിൽ താഴെ അടങ്കൽ ഉള്ളവ ആയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 38/18-19 | പട്ടണക്കാട് പഞ്ചായത്ത് വാർഡ് 4 പൊന്നാവെളി തോടിന് കുറുകെ പരുമന തോടിന് കല്ലുകെട്ട് | 240539 |
| 2 | 67/19-19 | തുറവൂർ താലൂക്കാശുപത്രി കെട്ടിടം പെയിന്റിംഗ് | 200000 |
| 3 | 102/18-19 | ബ്ലോക്ക് പഞ്ചായത്താഫീസ് ടോയ്‌ലെറ്റുകളുടെ നവീകരണം | 425000 |
| 4 | 103/18-19 | തുറവൂർ താലൂക്കാശുപത്രി നവീകരണം | 300000 |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-8 പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു - വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് വർഷം താഴെ പറയുന്ന പ്രോജക്ടുകൾ രൂപീകരിച്ചെങ്കിലും നിർവഹണം നടത്താതിരുന്നതിനാൽ ആയവയ്ക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്റ്റ് നമ്പർ | അടങ്കൽ (രൂ.) (ബ്ലോക്ക് വിഹിതം) | ഫണ്ട് |
|---|---|---|---|---|
| 1 | മന്ദഹാസം (വയോജനങ്ങൾക്ക് കൃത്രിമദന്തനിര വച്ചുപിടിപ്പിക്കൽ | 57 | 300000 | വികസന ഫണ്ട് |
| 2 | മത്സ്യസഹകരണസംഘത്തിലെ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് | 94 | - | വികസന ഫണ്ട് |
| 3 | അരൂർ വാർഡ് 2 വെട്ടുകടവ് പുനുവൽനികർത്ത് റോഡ് നിർമ്മാണം, | 105 | 500000 | വികസന ഫണ്ട് (റ്റി.എസ്.പി) |
| 4 | ബ്ലോക്ക്പഞ്ചായത്തോഫീസ് കോംപ്ലക്സ് കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ | 109 | 200000 | വികസന ഫണ്ട് |
| 5 | പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത് പുതിയ കെട്ടിടത്തിന് ക്യാബിൻ സ്ഥാപിക്കലും മറ്റു അനുബന്ധപ്രവർത്തനങ്ങളും | 111 | 979921 | വികസന ഫണ്ട് |
| 6 | അരൂർ വാർഡ് 6 ചക്കാലപ്പുറം തോട് കല്ലുകെട്ട് | 83 | 500000 | വികസന ഫണ്ട് |
| 7 | കോട്ടപ്പള്ളി ചാവടി പാലം നിർമ്മാണം | 34 | 750000 | വികസന ഫണ്ട് |
| 8 | തുറവൂർ ഗ്രാമപഞ്ചായത്ത് വാർഡ് 17 വടക്കേകാട് ഗുരുമന്ദിരം റോഡ് നിർമ്മാണം | 35 | 500000 | വികസന ഫണ്ട് |
| 9 | അരൂർ പഞ്ചായത്ത് വാർഡ് 10 പടന്നയിൽ ഇളയപ്പാടം റോഡ് നിർമ്മാണം | 45 | 500000 | വികസന ഫണ്ട്(എസ്.സി.പി) |
| 10 | വയലാർ പഞ്ചായത്ത് വാർഡ് 3 മേക്കട ഈരേതുരുത്ത് പുനുവൽനികർത്ത് മെറ്റലിംഗും ടാറിംഗും | 48 | 500000 | വികസന ഫണ്ട് |
| 11 | കുത്തിയതോട് പഞ്ചായത്ത് വാർഡ് 11 | 60 | 500000 | വികസന |

| | | | | |
|---|---|---|---|---|
| | എൻ.സി.സി.പഴക്കാട്ട് കാനനിർമ്മാണം | | | ഫണ്ട് |
| 12 | തുറവൂർ ആശുപത്രിക്ക് ഓ.പി.കൗണ്ടർ നിർമ്മാണം, ഇരിപ്പിടസൗകര്യം, ടൈൽ വിരിക്കൽ | 71 | 361000 | എം.ജി.(നോൺ റോഡ്) |
| 13 | മാലിന്യസംസ്കരണ പ്ലാന്റിന കെട്ടിടം.ചുറ്റുമതിൽ നിർമ്മാണം | 77 | 3740000 | വികസന ഫണ്ട് |

ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന വിവിധ വിഭാഗം ഫണ്ടുകൾ വ്യത്യസ്ത പ്രോജക്ടുകൾക്കായി വകയിരുത്തിയ ശേഷം ആയവ നടപ്പിലാക്കാതെ ഉപേക്ഷിക്കേണ്ടിവരുന്നത് ആസൂത്രണത്തിലെ അപാകതയായി വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 സി,ഡി.പി.ഓ.യുടെ പ്രോജക്ടിലെ അപാകതകൾ

1.പ്രോജക്ടിന്റെ പേര് : കാഴ്ച/കേൾവി കുറവുള്ള കുട്ടികൾക്ക് അനുബന്ധഉപകരണങ്ങൾ നൽകൽ (53/18-19)

അടങ്കൽ :300000/-(വികസനഫണ്ട്)

ചെലവ് :200000/-

2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ശിശുവികസനപദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ കോക്ലിയർ ഇംപ്ലാന്റേഷന ശേഷം അനുബന്ധഉപകരണം നൽകൽ എന്ന പദ്ധതിയിൽ ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആകെ 2,00,000/- രൂപ വികസനഫണ്ടിൽ നിന്നും ബിൽ നം. B-4/7/18-19/ 25.3.19 പ്രകാരം പിൻവലിച്ച് തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 26/2/14 ലെ 426/19 /ത.സ്വ.ഭ.വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

(A/C No. 701011400000134)

1. ലിന മുരളി, വള്ളോപ്പള്ളി, പട്ടണക്കാട്
2. അനിഷ്മ. എസ്, ആനന്ദഭവനം, വയലാർ
3. അഭിരാമി. സി.ജെ, ചേന്നംകേരിൽ, പട്ടണക്കാട്
4. അക്ഷര. എസ്, ശ്രീരാഗം, അരൂർ

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക കൈപ്പറ്റിയതിനും ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമായതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.പ്രോജക്ടിന്റെ പേര് :അംഗപരിമിതർക്ക് ലഘൂകരണ ഉപകരണം നൽകൽ (4/18-19)

അടങ്കൽ :18,00,000/-(വികസനഫണ്ട്)

ചെലവ് :17,99,999/-(ബിൽ നം.B6/3/18-19/28.12.18-679859, B6/5/18-19/15.3.19-1120140)

ടി പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും 19.12.18-ലെ ഇൻവോയ്സ് പ്രകാരം 14 ട്രൈസൈക്കിൾ വാങ്ങി വിവിധ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 14 പേരിൽ ക്രമനമ്പർ (12) ആയ ഉദയൻ.പി.എൻ.,പൊന്നംതറ നികർത്ത്, വെട്ടയ്ക്കൽ പി.ഓ., പട്ടണക്കാട് (വാർഡ് 14) എന്ന വ്യക്തിക്ക് KL 32F.8795(Pleasure Hero) വാഹനമുള്ളതായി രേഖകളിൽ കാണുന്നു.
2. വിപിൻ തോമസിന്റെ ലേണേഴ്സ് ലൈസൻസിന്റെ പകർപ്പ് ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി പരിഗണനാർഹമല്ല. ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 വിതരണം ചെയ്യാത്ത തുക തിരിച്ചടക്കുന്നത്

പ്രോജക്ടിന്റെ പേര് ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (നം. 5/18-19)

അടങ്കൽ : 22,02,500(വികസനഫണ്ട്)

ചെലവ് : 22,02,500 (ബിൽനം.1/18-19/28.7.18

2/18-19/2.11.18)

നിർവ്വഹണോദ്യോഗസ്ഥ : സി.ഡി.പി.ഓ.

ബ്ലോക്ക്പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തിലെ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ട് വഴി ബ്ലോക്ക് വിഹിതമായ 22,02,500/- രൂപ താഴെപ്പറയുന്ന പഞ്ചായത്തുകളുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | നൽകിയ തുക | വിനിയോഗസാക്ഷ്യപത്രം ലഭിച്ച തുക | ബാലൻസ് |
|---|---|---|---|
| വയലാർ | 190000 | 185125 | 4875 |
| പട്ടണക്കാട് | 450000 | 450000 | 0 |
| കോടംതുരുത്ത് | 275000 | 263000 | 12000 |
| തുറവൂർ | 350000 | 350000 | 0 |
| എഴുപുന്ന | 350000 | 319850 | 30150 |
| അരൂർ | 375000 | 360125 | 14875 |
| കുത്തിയതോട് | 212500 | 207363 | 5137 |
| ആകെ | 22,02,500 | 2135463 | 67037 |

ബാക്കിയുള്ള തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാനവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അവശേഷിക്കുന്ന തുക അടുത്ത വർഷത്തെ പ്രോജക്ടിലുൾപ്പെടുത്താമെന്ന മറുപടി സ്വീകാര്യമല്ല. വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തെതന്നെ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ അവശേഷിച്ച തുക സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 3-11 മാലിന്യ സംസ്കരണത്തിന് സ്ഥലം വാങ്ങൽ -ടെണ്ടർ നിരസിച്ചതിന് കാരണം വ്യക്തമാക്കിയില്ല

50 ലക്ഷം രൂപ വികസനഫണ്ട് വകയിരുത്തി 48,43,104/- രൂപ ചെലവഴിച്ച് (ബിൽ നം. 52/18-19 /23.11.2018) ബ്ലോക്ക് പഞ്ചായത്ത് വസ്തു ആർജ്ജിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്തു കൂലി എന്നിവയ്ക്കായി തനത് ഫണ്ട് 4,84,380/- രൂപയും (ചെക്ക് നം.2434119/22.11.18) ഉൾപ്പെടെ ആകെ 53,27,484/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ BP/3371/15.09.2017 ലെ ദർഘാസ് പരസ്യം പ്രകാരം ലോറി ഗതാഗത സൗകര്യമുള്ള 20 മുതൽ 30 സെന്റ് സ്ഥലം വരെ ലഭ്യമാക്കാൻ കഴിയുന്ന ഭൂഉടമകളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുകയും 3 പേരുടെ ദർഘാസുകൾ ലഭിക്കുയും ചെയ്തതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ ശ്രീ വി.വി. ലാലൻ & റ്റി.എസ്. പ്രദീപ് എന്നിവർ സെന്റിന് ഒരു ലക്ഷം രൂപ നിരക്കിൽ 27 സെന്റ് പുരയിടം നൽകാൻ സന്നദ്ധത അറിയിച്ചിരുന്നു. സർവ്വേ നം.409/1 – ൽ പെട്ട 27 സെന്റ് സ്ഥലം പുരയിടം ആണെന്ന് കരമൊടുക്കിയ രസീതിൽ വ്യക്തമാക്കിയിട്ടുണ്ട്. ആധാരത്തിന്റെ പകർപ്പ്, ലൊക്കേഷൻ സ്കെച്ച് എന്നിവ പരിശോധിച്ചതിൽ ടി പുരയിടത്തിലേയ്ക്ക് ഗതാഗതസൗകര്യം ഉള്ളതായും കാണുന്നു. എന്നാൽ അനുയോജ്യമായ സ്ഥലം ശ്രീമതി. രമാദേവി പ്രേംകുമാർ എന്ന വ്യക്തിയുടെ ആണെന്ന് 22.12.2017 -ലെ 2(4) പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെന്റിന് 2.25 ലക്ഷം രൂപ നിരക്കിൽ വാങ്ങാൻ തീരുമാനിക്കുകയും അടങ്കലിനനുസൃതമായി സെന്റിന് 2.24 ലക്ഷം രൂപ നിരക്കിൽ 8.75 ആർസ് (21.6125 സെന്റ്) വസ്തു വാങ്ങി. എപ്രകാരമാണ് സെന്റിന് ഒരു ലക്ഷം ക്വാട്ട് ചെയ്ത സ്ഥലം അനുയോജ്യമല്ലാതായത് എന്നത് സംബന്ധിച്ച കാര്യകാരണ സഹിതമുള്ള റിപ്പോർട്ട് ലഭ്യമല്ല. ആയതിനാൽ 21.625 സെന്റ് സ്ഥലത്തിന് വസ്തു വിലയിനത്തിൽ തന്നെ 2679950/- രൂപ (2.24 ലക്ഷം രൂപ x 21.6125 – 1 ലക്ഷം x 21.6125) അധിക ചെലവുണ്ടായി. രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി ഇനങ്ങളിലായി 268255/- രൂപയും (484380 – 216125) അധിക ചെലവുണ്ടായി. ആകെ 2948205/- രൂപ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ദർഘാസ് അംഗീകരിക്കാതിരുന്നതു മൂലം അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ 31.10.2018- ലെ I(1) നമ്പർ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം പ്രകാരം വസ്തു ഉടമകൾ ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്ന തുകയായ 2.25 ലക്ഷം രൂപയിൽ നിന്നും നെഗോഷിയേറ്റ് ചെയ്ത് സെന്റിന് 1000/-രൂപ കുറച്ച് 2.24 ലക്ഷം രൂപ നിരക്കിൽ വില തിട്ടപ്പെടുത്തിയത് പ്രകാരം നൽകേണ്ടിയിരുന്ന തുക 4841200/- രൂപ (2.24 ലക്ഷം x 21.6125). എന്നാൽ നൽകിയ തുക = 4843104/- രൂപ. അധികം നൽകിയ 1904/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

കുറഞ്ഞ നിരക്കിലുള്ള ദർഘാസ് നിരസിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത സ്ഥലം എപ്രകാരമാണ് അനുയോജ്യമല്ലാതിരുന്നത് എന്നത് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലോ ടെണ്ടർ നിരാകരണ രേഖയിലോ വ്യക്തമാക്കിയിട്ടില്ല. എപ്രകാരമാണ് കുറഞ്ഞ ടെണ്ടർ പ്രകാരമുള്ള സ്ഥലം അനുയോജ്യമല്ലാതായെന്നത് സംബന്ധമായി നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.17/02.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തേണ്ടതും ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ഉത്തരവാദികളായവരുടെ ബാധ്യത നിലനിർത്തേണ്ടതുമാണ്.

## 3-12 സെക്രട്ടറി നടപ്പാക്കിയ വിഹിതം നൽകൽ പ്രോജക്ടുകൾ– വിനിയോഗ വിവരം ലഭ്യമല്ല

2018-19 – ൽ സെക്രട്ടറി നിർവ്വഹിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം.20/19( സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം)

അടങ്കൽ: 10 ലക്ഷം (വികസന ഫണ്ട്)

ചെലവ്: 10 ലക്ഷം (ബിൽ നം. 02/18-19/ 24.05.2018)

തുക Social Security Mission എന്ന പേരിൽ A/c No. 701011400000134 ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

2)പ്രോജക്ട് നം.112/19(അരൂർ ഗ്രാമപഞ്ചായത്തിലെ വൃദ്ധ സദനം മെച്ചപ്പെടുത്തലിനായി ബ്ലോക്ക് വിഹിതം

നൽകൽ)

അടങ്കൽ: 3 ലക്ഷം(വികസന ഫണ്ട് )

ചെലവ്: 3 ലക്ഷം (ബിൽ നം. 94/18-19/ 27.03.2019)

തുക ട്രഷറി A/c No. 799011400003101 ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

3)പ്രോജക്ട് നം.105/19( അരൂർ വാർഡ് 9 വെട്ടുകടവ് പുതുവൽ നികർത്ത് റോഡ് ബ്ലോക്ക് വിഹിതം നൽകൽ)

അടങ്കൽ: 5 ലക്ഷം (വികസന ഫണ്ട് )

ചെലവ്: 5 ലക്ഷം (ബിൽ നം. 100/18-19/ 27.03.2019 Q bill encashed in April)

അരൂർ പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം വാർഡ് 9 വെട്ടുകടവ് പുതുവൽ നികർത്ത് റോഡ് നിർമ്മാണം എന്ന സംയുക്ത പദ്ധതിയ്ക്കു വേണ്ടി ട്രഷറി A/c No. 799011400003101 ലേയ്ക്ക് 5 ലക്ഷം രൂപ ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

4) പ്രോജക്ട് നം.16/19 (ആശ്രയ -പദ്ധതിയ്ക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം)

അടങ്കൽ: 3,90,000(വികസന ഫണ്ട് )

ചെലവ്: 2,90,000 (ബിൽ നം. 65/18-19/26.12.18)
അഗതി രഹിത കേരളം (ആശ്രയ) പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 30000/- രൂപ വയലാർ ഗ്രാമപഞ്ചായത്തിനും 160000/- രൂപ അരൂർ ഗ്രാമപഞ്ചായത്തിനും ഒരു ലക്ഷം രൂപ എഴുപുന്ന ഗ്രാമ പഞ്ചായത്തിനും നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരം,തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

5) പ്രോജക്ട് നം. 13/19( ഐ. കെ.എമ്മിന് പ്രവർത്തന ഫണ്ട് ലഭ്യമാക്കൽ)

അടങ്കൽ: 69152(വികസന ഫണ്ട്)

ചെലവ്: 69152 (ബിൽ നം. 39/18-19/15.09.2018)

സർക്കാർ ഉത്തരവ് (സാധാ.)നം.1228/2016/LSGD dtd 08.03.2016 ഐ.കെ.എം -ന്റെ പ്രവർത്തന ഫണ്ട് നീക്കി വയ്ക്കുന്നതിനായി 69152/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. തുകയുടെ കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതകളിന്മേൽ രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(16/2.08.2019) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ വിനിയോഗ രേഖകളുടെ അഭാവത്തിൽ ക്രമ നം. (1) മുതൽ (5) വരെയുള്ള പ്രോജക്ടുകളുടെ ചെലവ് തുക 2159152/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ– - അപാകതകൾ

2018-19 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകൾ മുഖേന തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ വിവരം,പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1) പ്രോജക്ട് നം. -75/19( മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണത്തിനായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ)

അടങ്കൽ- 13,00,000( വികസന ഫണ്ട് സാധാ)

ചെലവ്- 626094/- ( ബിൽ നം. 90/18-19/21.03.19 – 148785/-

ബിൽ നം. 91/18-19/21.03.19 – 127309/-

ബിൽ നം. 95/18-19/25.03.19 – 350000/- )

മൂന്ന് ഗ്രാമപഞ്ചായത്തുകൾക്കായി മേൽ ബില്ലുകൾ പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തുകളുടെ റിക്വിസിഷൻ ലെറ്റർ, കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ചെലവ് രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (11/01.08.19)മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പ്രോജക്റ്റ് നം.30/19(വെട്ടക്കൽ പി.എച്ച്.സി. കോൺഫറൻസ് ഹാൾ വൈദ്യുതീകരണം)

അടങ്കൽ: 3 ലക്ഷം (വികസന ഫണ്ട് )

ചെലവ്: 2,55,000(ബിൽ നം. 07/18-19/ 23.06.2018)

വി.ഫ.

വെട്ടക്കൽ പി.എച്ച്.സി. കോൺഫറൻസ് ഹാൾ വൈദ്യുതീകരണത്തിനായി പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ നൽകിയ 2,55,000/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം തുക 8443-00-108 PW Deposit എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വൈദ്യുതി വിഭാഗത്തിൽ നിന്നുള്ള തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല.

അപാകതകളിന്മേൽ രേഖകളും വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണങ്ങൾക്ക് (11/01.08.2019, 16/02.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 8,81,094/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-14 കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ– പദ്ധതി നടത്തിപ്പിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ ഏഴ് ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പൈപ്പ് ലൈൻ എത്തിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം.66/19(കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ)

അടങ്കൽ: 1299228(വികസന ഫണ്ട് )

ചെലവ്: 10,70,000 (ബിൽ നം. 96/18-19/ 26.03.2019)

02.11.2018 ലെ ബ്ലോക്ക് പഞ്ചായത്തിന്റെ കത്ത് പ്രകാരം അടിയന്തരമായി പദ്ധതിയ്ക്കുള്ള എസ്റ്റിമേറ്റ് തയാറാക്കി നൽകാൻ വാട്ടർ അതോറിറ്റിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിലെ ഏതെല്ലാം സ്ഥലങ്ങളിലേയ്ക്കാണ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വേണ്ടതെന്ന് വാട്ടർ അതോറിറ്റി 11.12.2018-ലെ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കുകയും തദനുസരണം വിവരങ്ങൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പട്ടണക്കാട്, അരൂർ ഗ്രാമപഞ്ചായത്തുകളിലേയ്ക്കായി 6,50,000/- രൂപയുടെ എസ്റ്റിമേറ്റും വയലാർ ഗ്രാമപഞ്ചായത്തിലേയ്ക്കായി 4,20,000/- രൂപയുടെ എസ്റ്റിമേറ്റും ലഭ്യമാക്കിയതിന്റ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തിയായി ബ്ലോക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള പദ്ധതി നടപ്പാക്കാനുള്ള ഗ്രാമ പഞ്ചായത്തുകളുടെ അപേക്ഷകളും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച ഗ്രാമപഞ്ചായത്തുകളുടെ കത്തിടപാടുകളും ഫയലിൽ ഇല്ല. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള നിർദ്ദേശ പ്രകാരം മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തു നടത്താവൂ എന്ന സർക്കാർ നിർദ്ദേശം ഉണ്ടായിരിക്കെ ആയത് പാലിക്കപ്പെട്ടിട്ടില്ല.
2. വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സംഗ്രഹം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ് ലഭ്യമല്ല.
3. വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് 31.05.2019 - ൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ കരാറിലേർപ്പെടുന്നതിന് മാസങ്ങൾക്കു മുൻപു തന്നെ മുഴുവൻ തുകയും വാട്ടർ അതോറിറ്റിയ്ക്ക് നൽകി.

അപാകതകളിന്മേൽ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3-15 ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് -അധിക പലിശ ബാധ്യത

പ്രോജക്ട് നം. 08/19 (ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ്)

അടങ്കൽ: 1228100 (വികസന ഫണ്ട്)

ചെലവ്: 1228100 (ബിൽ നം. 01/18-19/24.05.2018)

ബ്ലോക്ക് പഞ്ചായത്തിലെ ഇ.എം.എസ് ഭവനപദ്ധതിക്കായി ജില്ലാ സഹകരണ ബാങ്ക് പട്ടണക്കാട് ശാഖയിൽ നിന്നാണ് വായ്പ എടുത്തിരുന്നത്. വായ്പയുടെ മുതൽ ബ്ലോക്ക് പഞ്ചായത്തും പലിശ സംസ്ഥാന സർക്കാരുമാണ് അടവാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തും ജില്ലാ സഹകരണ ബാങ്കും (പട്ടണക്കാട് ശാഖ) തമ്മിൽ 07.01.2011- ൽ ഏർപ്പെട്ട കരാറിലെ 3-ാം വ്യവസ്ഥ പ്രകാരം 10% ആണ് പലിശ. പദ്ധതി പ്രകാരം 24.05.2018 - ൽ ട്രഷറിയിൽ നിന്നും അക്കൗണ്ട് ട്രാൻസ്ഫറായി 12,28,100/- രൂപ ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് പട്ടണക്കാട് ശാഖയിലേക്ക് നൽകിയിട്ടുണ്ടെങ്കിലും ബാങ്ക് പാസ് ബുക്ക് (50531) പരിശോധിച്ചതിൽ 20.08.2018-ൽ മാത്രമാണ് ബാങ്ക് തുക വരവ് വെച്ചിട്ടുള്ളത്. പ്രോജക്ട് രൂപീകരിക്കാതെ 9,21,096/- രൂപയും ബ്ലോക്ക് പഞ്ചായത്ത് അടവാക്കി തുക 20.08.2018-ൽ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 1,22,81,107/- രൂപ ബ്ലോക്ക് പഞ്ചായത്ത് വായ്പ തുക എടുത്തതിൽ 2018-19 സാമ്പത്തിക വർഷാരംഭത്തിൽ 36,84,385/- രൂപ വായ്പയിനത്തിൽ തിരിച്ചടക്കാൻ അവശേഷിച്ചിരുന്നു. സാമ്പത്തിക വർഷാവസാനം ലോണിനത്തിൽ 15,35,189/- രൂപ ഇനിയും തിരിച്ചടക്കാൻ അവശേഷിക്കുന്നുണ്ട്.

ട്രഷറിയിൽ നിന്ന് പിൻവലിക്കപ്പെട്ട പണം 88 ദിവസങ്ങൾക്ക് ശേഷമാണ് ലോൺ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത്. വായ്പ തിരിച്ചടവിനായി പിൻവലിച്ച പണം യഥാസമയം വിനിയോഗിക്കാതിരുന്നത് മൂലം 36,84,385/- രൂപയുടെ പലിശയിനത്തിൽ 88,829/- രൂപ (3684385x10%x 88/365) സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ അധികച്ചെലവുണ്ടാക്കി. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-16 തുല്യതാ പരീക്ഷ- പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം "പത്താംതരം, പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ" എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. 14/19

അടങ്കൽ:265000/- (വികസന ഫണ്ട്)

ചെലവ്: 265000/-(ബിൽ നം. 53/18-19/23.11.18- 204100/-)

ബിൽ നം. 72/18-19/31.12.18- 50700/-

ബിൽ നം. 85/18-19/25.02.19- 10200/-)

a)പന്ത്രണ്ടാം തരം തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 55 വിദ്യാർത്ഥികൾക്കായി 137500/- രൂപയും (55x2500 രൂപ വീതം) പത്താം തരം തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 36 വിദ്യാർത്ഥികൾക്കായി 66,600/- രൂപയും (36x1850 രൂപ വീതം) ഉൾപ്പെടെ ആകെ 204100/- രൂപ ബിൽ നം. 53/18-19/23.11.18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

b)പത്താം തരം തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 26 വിദ്യാർത്ഥികൾക്കായി 50700/- രൂപയും (26x1950രൂപ വീതം) ബിൽ നം. 72/18-19/31.12.18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

c)പന്ത്രണ്ടാം തരം തുല്യതാ പരീക്ഷാ പദ്ധതിയ്ക്കായി 5 വിദ്യാർത്ഥികൾക്കായി 10200/- രൂപയും (4x 2500രൂപ വീതം+1 x 200 ) ബിൽ നം. 85/18-19/25.02.2019 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ഹയർ സെക്കൻഡറിയ്ക്ക് കോഴ്സ് ഫീ 2200, രജിസ്ട്രേഷൻ ഫീസ് 300 എന്നിങ്ങനെ മൊത്തം 2500 രൂപയും പത്താംതരത്തിന് കോഴ്സ് ഫീ 1750, രജിസ്ട്രേഷൻ ഫീസ് 100 എന്നിങ്ങനെ മൊത്തം 1850 രൂപയും ആണ്

ഫീസ് ഘടനയെന്ന് കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ വെബ്സൈറ്റിൽ നിന്നും വ്യക്തമാണ്. എന്നാൽ ഇതിനു വിരുദ്ധമായി പത്താംതര തുല്യതാ പരീക്ഷയ്ക്കായി 1850/- രൂപയ്ക്കു പകരം ക്രമ നം.(b) യിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം 1950/- രൂപ നിരക്കിലാണ് തുക ചെലവഴിച്ചിരിക്കുന്നത്.

2. ഹയർസെക്കൻഡറി തുല്യതാ പരീക്ഷ പദ്ധതിയ്ക്കായി 55 വിദ്യാർത്ഥികൾക്കായി തുക ചെലവഴിച്ചതിൽ ധന്യ. എം, തുണ്ടിൽ (അപേക്ഷ നം. 119769/10.04.2019)എന്ന വിദ്യാർത്ഥിയുടെ അപേക്ഷ പത്താം തര തുല്യതയ്ക്കാണ് എന്നു കാണുന്നു. എന്നാൽ 1850/- രൂപയ്ക്ക് പകരം 2500/- രൂപ അനുവദിച്ചു കാണുന്നു.
3. 36 വിദ്യാർത്ഥികൾക്ക് 66600/- രൂപ അനുവദിച്ചതിൽ (1850 രൂപ വീതം) ഗുണഭോക്താക്കളുടെ അപേക്ഷ മാത്രമാണ് ഫയലിൽ ഉള്ളത്. മറ്റ് രേഖകൾ ഇല്ല (രജിസ്ട്രേഷൻ രേഖ,അഡ്മിഷൻ ടിക്കറ്റ്). 5 വിദ്യാർത്ഥികൾക്ക് 10200/- രൂപ അനുവദിച്ചതിൽ 4 ഗുണഭോക്താക്കളുടെ അപേക്ഷ, രജിസ്ട്രേഷൻ രേഖ മാത്രമാണ് ഫയലിൽ ഉള്ളത്. 200 രൂപ അനുവദിച്ച ഫാൻസി കെ.എ. എന്ന വിദ്യാർത്ഥിയുടെ ഒരു രേഖയും ഫയലിൽ ഇല്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.
ക്രമ നം.(1) & (2) -ൽ സൂചിപ്പിച്ചിട്ടുള്ള അപാകതയുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച തുക 3250/- രൂപ (2600+650)

ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-17 ഭവന നിർമ്മാണ പദ്ധതികൾ– വിശദാംശങ്ങൾ ലഭ്യമല്ല- രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

2018-19 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) <u>പ്രോജക്റ്റ് നം.26/19( പി.എം.എ.വൈ. ഭവന നിർമ്മാണം അധിക വിഹിതം(ജനറൽ)</u>

അടങ്കൽ: 2362000(വികസന ഫണ്ട് സാധാ.)

ചെലവ്: 2362000(സുലേഖ പത്രിക പ്രകാരം) (ട്രഷറി ബിൽ ബുക്ക് പ്രകാരം 2394000/-)

1. ഫയൽ പരിശോധിച്ചതിൽ ട്രഷറി ബിൽ നം, 12, 17, 40, 44, 46, 47, 49, 57, 60, 66, 67, 73, 75, 78, 80, 82 പ്രകാരം ആകെ 2394000/- രൂപ പിൻവലിച്ചതായി കാണുന്നു. അടങ്കലിലധികരിച്ച് തുക ചെലവഴിച്ചതായി കാണുന്നു. വ്യത്യാസത്തിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഇത് സംബന്ധമായ പ്രോജക്റ്റ് രേഖകൾ (ഭേദഗതി നടത്തിയിട്ടുണ്ടെങ്കിൽ ആയത് സഹിതം) പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നില്ല.
2. ട്രഷറി ബിൽ നം. 60/18-19-12.12.18 പ്രകാരം 52000/- രൂപ പിൻവലിച്ചതിൽ തുക നൽകിയതിന്റെ വിശദാംശം ലഭ്യമല്ല. പ്രോജക്റ്റ് ഫയലിൽ ഇത് സംബന്ധമായ രേഖകൾ ഇല്ല. ട്രഷറി ബിൽ ബുക്കിൽ PMAY ജനറൽ എന്ന രേഖപ്പെടുത്തൽ ഉണ്ട്.
3. മേൽ പ്രോജക്റ്റ് പ്രകാരം തുക നൽകിയതിന് ആധാരമായ പഞ്ചായത്തുകളുടെ റിക്വിസിഷൻ, ഗുണഭോക്തൃ ലിസ്റ്റ്, എന്നിവ ലഭ്യമല്ല.
4. പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

*<u>ചെലവ് വിവരം</u>*

{1)ബിൽ നം. 12/18-19/30.07.18- 964000/-
2)ബിൽ നം. 17/18-19/06.08.18- 252000/-
3)ബിൽ നം. 40/18-19/15.09.18- 198000/-
4)ബിൽ നം. 44/18-19/25.09.18- 152000/-
5)ബിൽ നം. 46/18-19/30.10.18- 230000/-
6)ബിൽ നം. 47/18-19/30.10.18- 70000/-
7)ബിൽ നം. 49/18-19/14.11.18- 67000/-

8)ബിൽ നം. 57/18-19/30.11.18- 33000/-
9)ബിൽ നം. 60/18-19/12.12.18- 52000/-
10)ബിൽ നം. 66/18-19/26.12.18- 24000/-
11)ബിൽ നം. 67/18-19/26.12.18- 100000/-
12)ബിൽ നം. 73/18-19/17.01.19- 48000/-
13)ബിൽ നം. 75/18-19/17.01.19- 32000/-
14)ബിൽ നം. 78/18-19/21.01.19- 24000/-
15)ബിൽ നം. 80/18-19/29.01.19- 68000/-
16)ബിൽ നം. 82/18-19/12.02.19- 80000/-
ആകെ 2394000/- രൂപ

2) പ്രോജക്റ്റ് നം.27/19( പി.എം.എ.വൈ. ഭവന നിർമ്മാണം അധിക വിഹിതം (പട്ടിക ജാതി)

അടങ്കൽ: 1657526(വികസന ഫണ്ട് SCP)

ചെലവ്: 1657526

- മേൽ പ്രോജക്റ്റ് പ്രകാരം തുക നൽകിയതിന് ആധാരമായ പഞ്ചായത്തുകളുടെ റിക്വിസിഷൻ, ഗുണഭോക്തൃ ലിസ്റ്റ്, എന്നിവ ലഭ്യമല്ല.
- പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

*ചെലവ് വിവരം*

1) ബിൽനം. 03/18-19/28.05.18–160000/-

2) ബിൽനം. 08/18-19/23.06.18–30000/-

3) ബിൽനം. 13/18-19/30.07.18– 100000/-

4)ബിൽനം. 18/18-19/16.08.18– 133599/-

5)ബിൽനം. 37/18-19/15.09.18 – 34000/-

6)ബിൽനം. 38/18-19/15.09.18– 134653/-

7)ബിൽനം. 43/18-19/25.09.18 – 127320/-

8)ബിൽനം. 45/18-19/28.10.18 – 185640/-

9)ബിൽനം. 48/18-19/30.10.18 – 100666/-

10)ബിൽനം. 54/18-19/26.11.18 – 25666/-

11)ബിൽനം. 55/18-19/26.11.18 – 52000/-

12) ബിൽനം. 56/18-19/30.11.18 – 52333/-

13)ബിൽനം. 63/18-19/15.12.18 - 86320/-

14)ബിൽനം. 64/18-19/26.12.18 –100000/-

15)ബിൽനം. 69/18-19/26.12.18 – 25333/-

16)ബിൽനം. 76/18-19/17.01.19 – 202996/-

17)ബിൽനം. 77/18-19/25.01.19 – 69000/-

18)ബിൽനം. 81/18-19/13.02.19 – 38000/-

ആകെ 1657526/- രൂപ

3) പ്രോജക്റ്റ് നം.28/19( ലൈഫ് മിഷൻ ഭവന പദ്ധതി വീട് നിർമ്മിക്കുന്നതിന് സഹായം (ജനറൽ)

അടങ്കൽ: 10503298(വികസന ഫണ്ട് സാധാ.)

ചെലവ്: 10503298

1. ബിൽ നം. 09/18-19 / 12.07.18 – 93,90,000/-
2. ബിൽ നം. 58/18-19 / 12.12.18 – 76,650/-
3. ബിൽ നം. 62/18-19 / 15.12.18 – 2,79,148/-
4. ബിൽ നം. 89/18-19 / 16.03.19 – 7,57,500/-)

1. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 336/DB1/2018/LSGD 25/04/18 ഉത്തരവ് പ്രകാരം ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളേറ്റെടുത്ത ഭവനപദ്ധതികളിൽ പൂർത്തിയാക്കാത്തവയുടെ പൂർത്തീകരണത്തിനായി ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 1,05,03,298 രൂപ 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം തുക നൽകിയതിന് ആധാരമായ പഞ്ചായത്തുകളുടെ റിക്വിസിഷൻ, ഗുണഭോക്തൃ ലിസ്റ്റ്, എന്നിവ ലഭ്യമല്ല.
2. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ മേൽതുകയുടെ കൈപ്പറ്റ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും അരൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, പട്ടണക്കാട്, വയലാർ, തുറവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

4) പ്രോജക്റ്റ് നം.37/19 (ലൈഫ് മിഷൻ ഭവന പദ്ധതി വീട് നിർമ്മിക്കുന്നതിന് സഹായം(പട്ടിക വർഗ്ഗം)

അടങ്കൽ: 800000(വികസന ഫണ്ട് TSP-612000;തനതു ഫണ്ട്- 188000)

ചെലവ്: 612000(ബിൽ നം. 11/18-19/12.07.18, 59/ 18-19/12.12.18, 71/18-19/31.12.18 രൂപ 204000/- വീതം )

1. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 336/DB1/2018/LSGD 25/04/18 ഉത്തരവ് പ്രകാരം ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളേറ്റെടുത്ത ഭവനപദ്ധതികളിൽ പൂർത്തിയാക്കാത്തവയുടെ പൂർത്തീകരണത്തിനായി ബ്ലോക്കിലെ എഴുപുന്ന, വയലാർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 306000/- രൂപ വീതം 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.മേൽ പ്രോജക്റ്റ് പ്രകാരം തുക നൽകിയതിന് ആധാരമായ പഞ്ചായത്തുകളുടെ റിക്വിസിഷൻ, ഗുണഭോക്തൃ ലിസ്റ്റ്, എന്നിവ ലഭ്യമല്ല.
2. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ മേൽതുകയുടെ കൈപ്പറ്റ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

5) പ്രോജക്റ്റ് നം.72/19( ലൈഫ് മിഷൻ ഭവന പദ്ധതി വീട് നിർമ്മിക്കുന്നതിന് സഹായം(പട്ടികജാതി)

അടങ്കൽ: 9206399(വികസന ഫണ്ട് -SCP)

ചെലവ്: 9206399

1. ബിൽ നം. 10/18-19 / 12.07.18 – 43,75,000/-
2. ബിൽ നം. 61/18-19 / 15.12.18 – 15,79,000/-
3. ബിൽ നം. 74/18-19 / 17.01.19– 9,52,000/-
4. ബിൽ നം. 83/18-19 / 12.02.19 – 18,62,066/-
5. ബിൽ നം. 88/18-19 / 16.03.19 – 4,38,333/-)

1. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 336/DB1/2018/LSGD 25/04/18 ഉത്തരവ് പ്രകാരം ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളേറ്റെടുത്ത ഭവനപദ്ധതികളിൽ പൂർത്തിയാക്കാത്തവയുടെ

പൂർത്തീകരണത്തിനായി ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 92,06,399/- രൂപ 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം തുക നൽകിയതിന് ആധാരമായ പഞ്ചായത്തുകളുടെ റിക്വിസിഷൻ, ഗുണഭോക്തൃ ലിസ്റ്റ്, എന്നിവ ലഭ്യമല്ല.

2. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ മേൽതുകയുടെ കൈപ്പറ്റ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും അരൂർ, എഴുപുന്ന, കോടംതുരുത്ത്, കുത്തിയതോട്, പട്ടണക്കാട്, വയലാർ, തുറവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

രേഖകളും വിശദാശംങ്ങളും ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (14/02.08.19) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ന്യൂനതകളുടെ അടിസ്ഥാനത്തിൽ ക്രമ നം. (1) മുതൽ (5)വരെയുള്ള പ്രോജക്ടുകൾക്കായി ചെലവഴിച്ച 2,43,73,223/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 308000 | P.M.A.Y | 196000 | 1120000 |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 140000 | P.M.A.Y | 140000 | 00 |

### 4-2) നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം.തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 96/18-19/ 26.3.19 | 1070000 | യു.സി.ലഭ്യമായില്ല | ലഭ്യമല്ല |
| പൊതു മരാമത്ത് വകുപ്പ്,ഇലക്ട്രിക്കൽ | വെട്ടയ്ക്കൽ,പി.എച്ച്.സി. കോൺഫറൻസ് ഹാൾ വൈദ്യുതീകരണം | 7/18-19 /23.6.19 | 255000 | യു.സി.ലഭ്യമായില്ല | ലഭ്യമല്ല |

### 4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4) വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം. തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക: മുതൽ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| EMS | സ.ഉ.(എം.എസ്)നം.310/2008 | 12281107 | 3684385 | 2149196 | 1535189 | |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി | ത.സ്വ.ഭ.വ 22-11-2008 | | | | | |

## 4-5) സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6) ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | IV(21) | 2000-2001 | 201 | കന്നുകാലി ഗർഭകാല സംരക്ഷണ പദ്ധതിയിൽ അധിക ചെലവായ 28205/-ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് | തുക നാളിതുവരെ അടച്ചിട്ടില്ല (ടിയാൾ സർവ്വീസിൽ നിന്നും വിരമിച്ചു) |

## 4-8) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,07,80,149 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 11,15,71,635 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | 5154/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 3,09,78,288/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-16 | | 3250/- | ശ്രീ.എസ്. മധുസൂദനൻ, സെക്രട്ടറി |
| 3-11 | | 1904/- | ശ്രീ.എസ്. മധുസൂദനൻ, സെക്രട്ടറി |
| ആകെ | | 5154/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 31,926 | അഞ്ജു ജോർജ്ജ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 17,82,894 | ഡോ:ആർ.റൂബി.മെഡിക്കൽ ഓഫീസർ |
| 3-5 | 2,50,000 | ചിത്ര.റ്റി.അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 3-9(1) | 2,00,000 | ഡോ:ശിൽപ്പ.സി.ഡി.പി.ഓ |
| 3-9(2) | 17,99,999 | |
| 3-11 | 29,48,205 | ശ്രീ.എസ്. മധുസൂദനൻ, സെക്രട്ടറി |
| 3-12(1) | 10,00,000 | പി.ജി,പ്രസന്നകുമാരി, സെക്രട്ടറി |
| 3-12(2) | 3,00,000 | എസ്.സലീല,സെക്രട്ടറി |
| 3-12(4) | 2,90,000 | എസ്.മധുസൂദനൻ,സെക്രട്ടറി |
| 3-12(5) | 69,152 | ടി.അലക്സാണ്ടർ, സെക്രട്ടറി |
| 3-13(1) | 6,26,094 | എസ്.സലീല,സെക്രട്ടറി |
| 3-13(2) | 2,55,000 | പി.ജി.പ്രസന്നകുമാരി, സെക്രട്ടറി |
| 3-17 | 2,43,73,223 | പി.ജി.പ്രസന്നകുമാരി, സെക്രട്ടറി<br>എസ്.മധുസൂദനൻ, സെക്രട്ടറി<br>ടി.അലക്സാണ്ടർ, സെക്രട്ടറി<br>എസ്.സലീല, സെക്രട്ടറി |

| | | |
|---|---|---|
| | | |
| ആകെ | 3,09,78,288 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-11

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഞ്ജു ജോർജ്ജ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത് | ചൈത്രം, ചെല്ലിക്കണ്ടത്തിൽ, മുഹമ്മ, ചേർത്തല |
| ഡോ.ആർ.റൂബി<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, തുറവൂർ താലൂക്കാശുപത്രി | കൃഷ്ണഗായത്രി, സി.എം.സി.30, ചേർത്തല |
| ചിത്ര.റ്റി.,എ.ഡി.എ. | എ.ഡി.എ,പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത് | അശ്വതി,കുത്തിയതോട്, ചേർത്തല |
| ഡോ.ശിൽപ്പ, സി.ഡി.പി.ഓ. | സി.ഡി.പി.ഓ,പട്ടണക്കാട് ബ്ലോക്ക്പഞ്ചായത്ത് | ലിഷാലയം, എഴുപുന്ന തെക്ക്.പി.ഒ.,ചേർത്തല |
| പി.ജി.പ്രസന്നകുമാരി,സെക്രട്ടറി | എ.പി.ഓ.(ഡബ്യൂ.ഡി.) പി.എ.യു.കൊല്ലം | കളരിക്കൽ ഹൗസ്, തണ്ണീർമുക്കം പി.ഒ.,ചേർത്തല |
| സലീല, | ബി.ഡി.ഓ. പട്ടണക്കാട് | ചിറയിൽ ഹൗസ്, കടക്കരപ്പള്ളി പി.ഒ., ചേർത്തല |
| എസ്.മധുസൂദനൻ | ജോയിന്റ് ബി.ഡി.ഓ. (ഇ.ജി.എസ്.) | പടിഞ്ഞാടത്ത്,കണിച്ചുകുളങ്ങര പി.ഒ. |
| ടി.അലക്സാണ്ടർ, | ബി.ഡി.ഓ.വാഴക്കുളം, എറണാകുളം ജില്ല | ബസീലിയ,ചൊവ്വള്ളൂർ,ഇടക്കിടം,കൊല്ലം |

22.12.2017-ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ വിശദാംശം

| ക്രമ | പേര് | വിലാസം | വിജയിച്ച | ഫോൺ നം. |
|---|---|---|---|---|

| നം. | | | ഡിവിഷൻ | |
|---|---|---|---|---|
| 1 | വി.കെ.ഗൗരീശൻ | ഗൗരീശ ഭവനം, ചന്തിരൂർ.പി.ഒ | 01 അരൂർ വെസ്റ്റ് | 9995694264 |
| 2 | പി.എം.അജിത് കുമാർ | പുത്തൻകാട് നികർത്തിൽ, അരൂർ.പി.ഒ | 02 അരൂർ ഈസ്റ്റ് | 9947151070 |
| 3 | ഹേമ ദാമോദരൻ | കുറുപ്പത്ത്, എരമല്ലൂർ.പി.ഒ | 03 എരമല്ലൂർ | 9447568002 |
| 4 | ജയ അശോകൻ | കിടങ്ങനാംപറമ്പ്, കുത്തിയതോട്.പി.ഒ | 04 ചമ്മനാട് | 9526705354 |
| 5 | സി.റ്റി.വിനോദ് | വൈക്കംശ്ശേരിൽ, കിഴക്കേചിറയിൽ, കുത്തിയതോട്.പി.ഒ | 05 കുത്തിയതോട് | 9895328742 |
| 6 | മണി പ്രഭാകരൻ | പൊരിയക്കാട്ട് പടിഞ്ഞാറെ നികർത്ത്, തുറവൂർ.പി.ഒ | 07 തുറവൂർ | 9287683071 |
| 7 | വത്സല തമ്പി | പുത്തൻതറ, പട്ടണക്കാട്.പി.ഒ | 08 പട്ടണക്കാട് | 9400830855 |
| 8 | ശ്രീജ.എ.റ്റി | വെട്ടത്തുചിറ, കളവംകോടം.പി.ഒ | 10 കളവംകോടം | 9249756508 |
| 9 | അഡ്വ.റ്റി.എച്ച്.സലാം | തക്കിയാവ് പറമ്പ്, പട്ടണക്കാട്.പിഒ | 11 വെട്ടയ്ക്കൽ | 9446917677 |
| 10 | സെബാസ്റ്റ്യൻ (ജയ്സൺ) | കുറ്റിപ്പുറത്ത്, പള്ളിത്തോട്.പി.ഒ | 12 മനക്കോടം | 956 |
| 11 | അനിത ദിലീപ് | ആഞ്ഞിലിക്കൽ, എഴുപുന്ന തെക്ക്.പി.ഒ | 13 ചങ്ങരം | |
| 12 | തങ്കമ്മ (കുഞ്ഞുമോൾ) | പിള്ളേഴത്ത് തറ, എഴുപുന്ന.പി.ഒ | 14 എഴുപുന്ന | |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ |
|---|---|

| | വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,18.03.2014 |
| 2002-2003 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2003-2004 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2005-2006 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2006-2007 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്/26(51)/14, തീയതി,21.03.2014 |
| 2010-2011,2011-2012 | എൽ.എഫ്.എ.ബി.പി-533/13/19.10.2013 |
| 2012-2013 | എൽ.എഫ്.എ.ബി.പി-246/15/4.03.15/9.04.2015 |
| 2013-2014 | കെ.എസ്.എ-എ.പി.ബി.പി/1206/16 തീയതി, 03.04.2017 |
| 2014-15,2015-16 | കെ.എസ്.എ-എ.എൽ.പി.ബി.പി/1167/2016 തീയതി, 26.12.2016 |
| 2016-2017 | കെ.എസ്.എ-എ.എൽ.പി.ബി.പി./1372/2017 തീയതി, 08.11.2017 |
| 2017-2018 | കെ.എസ്.എ-എ.എൽ.പി.ബി.പി./1469/2018 തീയതി, 06.10.2018 |

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-872/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 09.10.2019

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 13-ാം വകുപ്പ്, 1994 – ലെ കേരള നഗരപാലിക നിയമം 295 (4) ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-9 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

No. KSA-ALP/BP-872/2019

Kerala State Audit Department,

District Audit Office,Alappuzha.
Date:09.10.2019

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pattanakkad Block Panchayat in Alappuzha District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Pattanakkad Block panchayat for the year 2018-19 except the observations in part 1-9 of the audit report properly presents the picture of income and expenditure.

.

Senior Deputy Director

Kerala State Audit Department

District Audit Office, Alappuzha

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ